**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം-നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക് (NSQF) പാഠ്യപദ്ധതി 2020-21 അദ്ധ്യയന വർഷം മുതൽ 288 തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി സ്കൂളുകളിൽ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്**

**സ.ഉ.(കൈ) നം.132/2020/പൊ.വി.വ** തീയതി,തിരുവനന്തപുരം, 28/07/2020

---

**പരാമർശം:-** 1) 09/05/2018ലെ സ.ഉ(കൈ) നം.56/2018/പൊ.വി.വ സർക്കാർ ഉത്തരവ്
2) 08/05/2019 ലെ സ.ഉ(സാധാ) നം.1643/2019/പൊ.വി.വ സർക്കാർ ഉത്തരവ്
3) 11/12/2019 ൽ ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എയ്ഡഡ് വി.എച്ച്.എസ്.ഇ **സ്കൂൾ** മാനേജർമാരുമായി നടത്തിയ യോഗത്തിന്റെ മിനിറ്റ്സ്
4) 24/01/2020ലെ സ.ഉ(കൈ) നം.13/2020/പൊ.വി.വ സർക്കാർ ഉത്തരവ്
5) 27/07/2020ലെ സ.ഉ(കൈ) നം.130/2020/പൊ.വി.വ സർക്കാർ ഉത്തരവ്
6) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/ 07/ 2020 ലെ സി2/1813/2019 നം കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് ആകെയുള്ള 389 വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ (261 സർക്കാർ + 128 എയ്ഡഡ്), 2018-19 അധ്യയന വർഷം, പരാമർശം (1)ലെ സർക്കാർ ഉത്തരവ് പ്രകാരം, 66 സർക്കാർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും ,2019-20 അധ്യയന വർഷം പരാമർശം (2)ലെ സർക്കാർ ഉത്തരവ് പ്രകാരം 35 സർക്കാർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലുമായി ആകെ 101 സർക്കാർ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) **പാഠ്യപദ്ധതി** നടപ്പിലാക്കിയിട്ടുണ്ട്.

11/12/2019 ൽ ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി എയ്ഡഡ് വി.എച്ച്.എസ്.ഇ **സ്കൂൾ** മാനേജർമാരുമായി നടത്തിയ യോഗത്തിൽ 2020-21 അധ്യയന വർഷം മുതൽ എയ്ഡഡ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലും NSQF അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ നടത്തുന്ന വൊക്കേഷണൽ കോഴ്സുകൾ NSQF പാഠ്യപദ്ധതിയ്ക്ക് അനുസൃതമായിരിക്കണമെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.ഈ സാഹചര്യത്തിൽ,കേരളത്തിലെ വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകൾ NSQF പാഠ്യപദ്ധതിയിലേക്ക് മാറ്റുന്നതിനുള്ള മാർഗനിർദേശങ്ങൾ രൂപീകരിക്കുന്നതിന് പരാമർശം (4)ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച സമിതി സമർപ്പിച്ച റിപ്പോർട്ടിൽ, 2020-21 അധ്യയന വർഷം മുതൽ സംസ്ഥാനത്ത് ടി പാഠ്യപദ്ധതി നടപ്പിലാക്കാൻ ബാക്കിയുള്ള 288 വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ 857 ബാച്ചുകളിൽ നിലവിലുള്ള വി.എച്ച്.എസ്.ഇ കോഴ്സുകൾക്ക് പകരമായി നടപ്പാക്കേണ്ട NSQF കോഴ്സുകൾ സംബന്ധിച്ച് സമർപ്പിച്ച ശുപാർശ ,പരാമർശം (5)ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചു.ആയതുപ്രകാരം 2020-21 അധ്യയന വർഷം മുതൽ

288 വി.എച്ച്.എസ്.സ്കൂളുകളിലെ 857 ബാച്ചുകളിൽ ടി പാഠ്യപദ്ധതി നടപ്പാക്കുന്നതിനുള്ള NSQF അധിഷ്ഠിത വിഷയങ്ങൾ (അനുബന്ധം I&II) സംബന്ധിച്ചും , 2018-19,2019-20 വർഷങ്ങളിൽ അനുവദിച്ച 4 വിഷയങ്ങളിലുള്ള മാറ്റങ്ങൾ സംബന്ധിച്ചും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (6) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിച്ചിരിക്കുന്നത് പ്രകാരം, N S Q F പാഠ്യപദ്ധതി നടപ്പിലാക്കാൻ ബാക്കിയുള്ള സംസ്ഥാനത്തെ 288 വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ 857 ബാച്ചുകളിൽ കൂടി 2020-21 അധ്യയനവർഷം നടപ്പാക്കേണ്ട NSQF അധിഷ്ഠിത വിഷയങ്ങൾ(അനുബന്ധംI & II-ൽ പരാമർശിച്ചിരിക്കുന്ന), അധികം തസ്തികകൾ സൃഷ്ടിക്കുന്നില്ലെന്നും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല എന്നുമുള്ള വ്യവസ്ഥയിൽ അംഗീകരിച്ച് ഉത്തരവാകുന്നു.

കൂടാതെ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നപ്രകാരം, ചുവടെ ചേർത്തിരിക്കുന്ന വിധം നിലവിലെ 4 വിഷയങ്ങളിലെ മാറ്റങ്ങളും സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | സ്കൂൾ | അനുവദിച്ചിരുന്ന വിഷയം | പകരം അനുവദിച്ച വിഷയം |
|---|---|---|---|
| 1 | 1) GTHS Chittur(SC - 909003 )<br>2) THS & GVHS Cheruvathur (SC - 914005 ) | Micro Irrigation Technician(2018-19 വർഷത്തിൽ അനുവദിച്ചത്) | Agriculture Machinery Operator (AGR/Q1103) |
| 2 | 1.GVHSS Vadakkadathukavu (SC - 904007 )<br>2.GVHSS Ramavarmapuram (SC - 908003 )<br>3.GMVHSS Koyilandy (SC - 911027 ) | Cable Jointer Power System(2018-19 വർഷത്തിൽ അനുവദിച്ചത്) | Electrician Domestic Solutions (PSS/Q 6001 ) |
| 3 | 1. SRVGVHSS Ernakulam (SC - 907013 )<br>2. GVHSS Vellarmala (SC - 912009 ) | Customes Service Executive (Meet & Greet ) (2018-19 വർഷത്തിൽ അനുവദിച്ചത്) | Tour Guide (THC & Q 4502 ) |

| | | | |
|---|---|---|---|
| 4 | 1. GVHSS for Girls, Pettah (SC - 901027 )<br>2. GVHSS for Girls,Kottarakkara (SC - 902003 )<br>3. GVHSS for Girls,Irinjalakkuda (SC - 908013 )<br>4. GVHSS for Girls,Nenmara (SC - 909019 )<br>5. GVHSS for Deaf, Ottappalam (SC - 909025 ) | Self Employed Tailor(2019-20 വർഷത്തിൽ അനുവദിച്ചത്) | Assistant Fashion Designer (AMH / Q 1210 ) |

ഈ ഉത്തരവുകൾ WP(C)8078/2020 കേസിൽ പുറപ്പെടുവിക്കുന്ന അന്തിമ വിധിന്യായത്തിനു വിധേയമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ.ഷാജഹാന്**
**സെക്രട്ടറി**

പകർപ്പ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ(വി.എച്ച്.എസ്.ഇ വിഭാഗം),തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ(എച്ച്.എസ്.ഇ വിഭാഗം),തിരുവനന്തപുരം.
ഡയറക്ടർ,SCERT,തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ ,തിരുവനന്തപുരം/എറണാകുളം.
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ),തിരുവനന്തപുരം.
സെക്രട്ടറി,കേരള പബ്ലിക് സർവീസ് കമ്മീഷൻ,തിരുവനന്തപുരം.
ഡയറക്ടർ,എഡ്യൂക്കേഷൻ & ട്രെയിനിങ്,തിരുവനന്തപുരം.
ലേബർ കമ്മീഷണർ ,തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ{വെബ് & ന്യൂ മീഡിയ(പ്രസ് റിലീസ്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Sivakumar V
Date: 2020.07.28 13:55:41 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എക്ക്